# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തകങ്ങൾക്ക് വിലക്കുറവ്

തിരുവനന്തപുരം: കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1000 രൂപയ്ക്ക് 1500 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ നൽകുന്നതിന്റെ ഉദ്ഘാടനം സാംസ്കാരിക മന്ത്രി സജി ചെറിയാൻ നിർവഹിച്ചു.

പരിപാടിയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. പി എസ് ശ്രീകല, മുൻഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ, ഗുരുഗോപിനാഥ് നടനഗ്രാമം, വൈസ് ചെയർമാൻ കരമന ഹരി, അഡ്വ. മന സി പുളിക്കൽ, ഡോ. പ്രതീഷ് ജി പണിക്കർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വില്പന വിഭാഗം അസി. ഡയറക്ടർ ഡോ. ഷിബു ശ്രീധർ തുടങ്ങിയവർ പങ്കെടുത്തു.

20 ന് തുടങ്ങിയ പദ്ധതി മൂന്ന് മാസം വരെയുണ്ടാകും. തിരുവനന്തപുരത്തെ നളന്ദ, സ്റ്റാച്യു, എറണാകുളം മറൈൻ ഡ്രൈവിലെ റവന്യു ടവർ, കോട്ടയം വൈഎംസിഎ റോഡ്, തൃശൂർ പാലസ് റോഡ് സാഹിത്യ അക്കാദമിക്ക് എതിർവശം, കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയം, കണ്ണൂർ റയിൽവേ സ്റ്റേഷനടുത്തുള്ള പ്ലാസ ജങ്ഷൻ എന്നിവിടങ്ങളിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാലകളിൽ നിന്നും പുസ്തകങ്ങൾ വാങ്ങാം.

കൂടുതൽ വിവരങ്ങൾക്ക് 0471-231 7238,247 1581.